# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 164   28.01.2019 ൽ മറുപടിക്ക്

## സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം.കെ.മുനീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ അധിക്ഷേപവും അപകീർത്തിപ്പെടുത്തലും നടത്തിയതിന് എത്ര സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) 41 പേർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എന്ത് ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഇവരിൽ 12 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും, 29 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) നിയമസഭ സാമാജികർക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യക്തിപരമായി അധിക്ഷേപങ്ങൾ നടത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രതിപക്ഷ നേതാവിനെതിരെ സാമൂഹ്യ മാധ്യമങ്ങളിൽ നടത്തുന്ന അധിക്ഷേപങ്ങൾ സംബന്ധിച്ച് എത്ര പേർക്ക് എതിരെ കേസ്സെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഡി) 3 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. |
| (ഇ) സാമൂഹ്യമാധ്യമങ്ങളിലെ അധിക്ഷേപത്തിനെതിരെ ഏതൊക്കെ നിയമസഭ സാമാജികർ പരാതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഇ) പോലീസ് വകുപ്പിൽ നിന്ന് ലഭിച്ച വിവരപ്രകാരം സാമൂഹ്യമാധ്യമങ്ങളിലെ അധിക്ഷേപത്തിനെതിരെ ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ, ബഹു.പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല, ബഹു.മന്ത്രി ശ്രീ.കെ.റ്റി.ജലീൽ, ബഹു.ആരോഗ്യ വകുപ്പ് മന്ത്രി, ശ്രീമതി.ഷൈലജ, ബഹു.സ്പീക്കർ ശ്രീ.ശ്രീരാമകൃഷ്ണൻ എം.എൽ.എമാരായ ശ്രീ.എൻ.വിജയൻ പിള്ള, ശ്രീ.എം.കെ.മുനീർ, ശ്രീ.രാജു എബ്രഹാം, ശ്രീ.പി.സി.ജോർജ്ജ്, ശ്രീ.എസ്.രാജേന്ദ്രൻ, ശ്രീ.അനൂപ് ജേക്കബ്, ശ്രീ.ആന്റണി ജോൺ, ശ്രീ.വി.ഡി.സതീശൻ, |

| | | | |
|---|---|---|---|
| | | | ശ്രീ.കെ.വി.അബ്ദുൾഖാദർ, ശ്രീ.വി.അബ്ദുറഹിമാൻ, ശ്രീ.അൻവർ, ശ്രീ.കെ.എം.ഷാജി, ശ്രീ.കെ.ആൻസലൻ, ശ്രീ.ബി.സത്യൻ, ശ്രീ.വി.ജോയി എന്നിവർ പരാതിനൽകിയിട്ടുണ്ട്. |
| (എഫ്) | നിയമസഭ സാമാജികർ നൽകിയ പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എഫ്) | പരാതികളിൽ പരാമർശിച്ചിരിക്കുന്ന അധിക്ഷേപങ്ങൾ പരിശോധിച്ച് കണ്ടെത്തി സമൂഹ മാധ്യമങ്ങളിൽ നിന്ന് നീക്കം ചെയ്തിട്ടുള്ളതും, കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുകയും ചെയ്യുന്നു. |
| (ജി) | സാമൂഹ്യ മാധ്യമങ്ങളിലൂടെ മുഖ്യമന്ത്രിയെ അധിക്ഷേപിച്ച എത്ര ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർക്കെതിരെ കേസെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ജി) | 12 അർദ്ധ സർക്കാർ/സർക്കാർ ജീവനക്കാർക്കെതിരേയും ഒരു കേന്ദ്ര സർക്കാർ ജീവനക്കാരനെതിരെയും മറ്റുള്ള 106 പേർക്കെതിരേയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ